- മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനന തീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന നിശ്ചിത ഫാറത്തിലുള്ള സത്യവാങ്മൂലം (ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക്.)
- ജനന-മരണ രജിസ്ട്രാറുടെ വിശദമായ അന്വേഷന റിപ്പോർട്ടും ശിപാർശയും
- ഒരു പേര് മറ്റൊന്നായി തിരുത്തുന്നതിന് റവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം
- 11-ാം ചട്ടം (2)ാം ഉപചട്ട പ്രകാരം രണ്ട് വിശ്വസനീയമായ വ്യക്തികളിൽ നിന്നുള്ള ഡിക്ലറേഷൻ
- ആശുപത്രികളിൽ നിന്ന് റിപ്പോർട്ട് ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി അധികാരികളുടെ തിരുത്തൽ കത്തും ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക് ഗൈനക് രജിസ്ട്രറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും
- തിരുത്തപ്പെടേണ്ട വിവരം തെളിയിക്കുന്ന മറ്റ് ആധികാരിക രേഖളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

ഇത് സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസ്തുത ഉത്തരവുകളുടെയും സർക്കുലറുകളുടെയും സംഗ്രഹം 7-2-2015 തീയതിയിലെ ബി1-4356/15 നമ്പരായി ചീഫ് രജിസ്ട്രാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മങ്കട പ്രസ്സ് ക്ലബിന് സൗജന്യമായി മുറി

230 (1602) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മങ്കട ടൗണിൽ, മങ്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിഞ്ഞ് കിടക്കുന്ന ഒരു മുറി മങ്കട പ്രസ്സ് ക്ലബ്ബിന് സൗജന്യമായി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഭരണസമിതിയുടെ തീരുമാനവും, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയും ഉണ്ടായിട്ടും, ഇതുവരെ ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിച്ചുവരികയാണ്.

ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ജൂനിയർ സൂപ്രണ്ട് തസ്തികകൾ

231 (1603) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ഉദ്യോഗസ്ഥ അനുപാതം വിശദമാക്കുമോ ;

(ബി) ഏത്ര പഞ്ചായത്തിലാണ് ജൂനിയർ സൂപ്രണ്ട് തസ്തികകൾ അനുവദിച്ചതെന്ന് അറിയിക്കുമോ ; ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) അർഹതയുള്ള ഏത്ര പഞ്ചായത്തുകൾക്കാണ് ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാൻ ബാക്കിയുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ഡി) അർഹതയുള്ള എല്ലാ പഞ്ചായത്തിലും ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ അനുപാതം പ്രത്യേകമായി നിശ്ചയിച്ചിട്ടുള്ളതായി കാണുന്നില്ല.

(ബി) 374

6-ഉം അതിലധികമോ ക്ലാർക്കുമാർക്ക് ഒരു ജൂനിയർ സൂപ്രണ്ട് . എന്ന അനുപാതത്തിൽ.

LIBRARY ARCHIVES Kerala Legislative Assembly